നോർക്ക വകുപ്പിന്റെ ആനുകൂല്യങ്ങൾ

98 (1472) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക വകുപ്പ് മുഖേന നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും അവയുടെ അർഹതാ മാനദണ്ഡവും വിശദമാക്കാമോ;

(ബി) നോർക്ക അറ്റസ്റ്റേഷൻ നടത്തിക്കിട്ടുന്നതിന് കാലതാമസം വരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) നോർക്ക-റൂട്ട്സ് മുഖേന സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി നൽകുന്നതിന് ബോധപൂർവ്വമായ കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ വിവിധ സർവ്വകലാശാലകൾ, സംസ്ഥാന സാങ്കേതിക പരീക്ഷാ ബോർഡ്, കേരള പൊതു പരീക്ഷാ ബോർഡ്, മെഡിക്കൽ പരീക്ഷാ ബോർഡ്, കേരള നഴ്സിംഗ് കൗൺസിൽ എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റുകളും, എൻ.സി.വി.വി./എസ്.സി.വി.റ്റി. സർട്ടിഫിക്കറ്റുകൾ, എച്ച്.ഡി.സി./ജെ.ഡി.സി. സർട്ടിഫിക്കറ്റുകൾ, സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സർട്ടിഫിക്കറ്റുകൾ (ബന്ധപ്പെട്ട സ്കൂൾ കേരള സർക്കാരിന്റെ അധികാര പരിധിയിൽ ആയിരിക്കണം), കേരള സംസ്ഥാന സാക്ഷരതാ മിഷൻ നൽകുന്ന പത്താം സ്റ്റാൻഡേർഡ് തുല്യതാ സർട്ടിഫിക്കറ്റ്, ദേശീയ പരീക്ഷാ ബോർഡ്, (National Board of Examiners) എൻ.ബി.എ.ഒ.എസ്.നൽകുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തുന്നതിന് നോർക്ക-റൂട്ട്സ് മുഖേന ഓൺലൈനായി അപേക്ഷിച്ച് ബന്ധപ്പെട്ട നിശ്ചിത രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നവർക്ക് കാലതാമസം കൂടാതെ തന്നെ സാക്ഷ്യപ്പെടുത്തി നൽകുന്നു.

എന്നാൽ വിവിധ സ്വകാര്യ സ്ഥാപനങ്ങൾ നല്കിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ, വിവിധ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, മാർക്കുലിസ്റ്റുകൾ (വിവിധ വിദേശ സർവ്വകലാശാലകളിൽ/സ്ഥാപനങ്ങളിൽ ചേർന്നു പഠിക്കാനാഗ്രഹിക്കുന്ന വിദ്യാർത്ഥികളുടേതൊഴികെയുള്ളവ), റാങ്ക് സർട്ടിഫിക്കറ്റുകൾ, സെറ്റ്/നെറ്റ് സർട്ടിഫിക്കറ്റുകൾ, ഇന്റേൺഷിപ്പ് സർട്ടിഫിക്കറ്റുകൾ, തുല്യത/മൈഗ്രേഷൻ സർട്ടിഫിക്കറ്റുകൾ,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അപ്രന്റീസ് സർട്ടിഫിക്കറ്റുകൾ, ടെയിനിംഗ് സർട്ടിഫിക്കറ്റുകൾ എന്നിവ അവ നല്കിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവയുടെ ആധികാരികത യുക്തമായി പരിശോധിച്ചശേഷം മാത്രമേ സാക്ഷ്യപ്പെടുത്തി നല്കുകയുള്ളൂ.

സാന്ത്വനം പദ്ധതി

99 (1473) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ കീഴിൽ നടപ്പിലാക്കിയ സാന്ത്വനം പദ്ധതി മുഖേന നാളിതുവരെയായി എത്രപേർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സാന്ത്വനം പദ്ധതിയിൽനിന്നും നാളിതുവരെ 8639 പേർക്കായി 27,60,21,700 രൂപ നൽകിയിട്ടുണ്ട്.

പ്രവാസി കുടുംബത്തിന് ചികിത്സാ സഹായം, വിവാഹ ധനസഹായം, വീൽച്ചെയർ, ക്രച്ചസ് ഇവ വാങ്ങുന്നതിനുള്ള സഹായം, കൂടാതെ മരണാനന്തര സഹായം തുടങ്ങിയവയാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കി വരുന്നത്.

(ബി) അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം 1,00,000 രൂപയിലധികമാകുവാൻ പാടില്ല.

- കുറഞ്ഞത് രണ്ടു വർഷം പ്രവാസി ആയിരുന്നിരിക്കണം.
- കേരളത്തിൽ തിരികെ താമസമായതുമുതൽ കേരളത്തിന് പുറത്ത് അല്ലെങ്കിൽ വിദേശത്ത് ജോലി ചെയ്തത്ര കാലയളവിന് (പരമാവധി 10 വർഷം വരെ) തുല്യമായ കാലയളവിനുള്ളിൽ വരുന്ന ഒരു നിശ്ചിത ആവശ്യത്തിനു മാത്രമേ അപേക്ഷ നൽകാവൂ.
- കേരളത്തിനു പുറത്ത് ഇന്ത്യയ്ക്കകത്ത് കുറഞ്ഞത് 2 വർഷമായി ട്ടെങ്കിലും സ്ഥിരതാമസമാക്കിയവർക്കും ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും കുടുംബാംഗം വിദേശ പ്രവാസ ജോലിയിൽ ആയിരിക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly